**A** **201, 202, 203**

# സമഗ്രശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2023-2024

## ഉദ്ഗ്രഥനം- പഠനനിലവാരം

ക്ലാസ് : 2

പേര്: ........................................ സ്കൂൾ:........................................

### ഭാഷ

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 1 | 01 | കുഞ്ഞുറുമ്പിന്റെ യാത്ര | |
| 2 | 02 | കുഞ്ഞുറുമ്പ് കണ്ട കാഴ്ചകൾ | |
| 3 | 08 | വരികൾ കൂട്ടിച്ചേർക്കാം | |
| 4 | 10 | സംഭാഷണം പൂർത്തിയാക്കാം | |
| 5 | 14 | സാങ്കല്പിക ഡയറി | |

ഗ്രേഡ് ☐

### ഗണിതം

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 6 | 03 | വിത്തുകളെത്ര? | |
| 7 | 05 | കലണ്ടർ നോക്കി പറയാം | |
| 8 | 07 | പൂക്കുട | |
| 9 | 12 | പഴക്കടയിൽ | |
| 10 | 13 | ഇനിയെത്ര? | |

ഗ്രേഡ് ☐

### പരിസരപഠനം

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 11 | 04 | ചെടികൾ പലവിധം | |
| 12 | 06 | സിംഹരാജന്റെ പിറന്നാൾ | |
| 13 | 09 | പദപ്രശ്നം | |
| 14 | 11 | ഭയം വേണ്ട! ജാഗ്രത മതി | |

ഗ്രേഡ് ☐

**ക്ലാസ് ടീച്ചറുടെ ഒപ്പ് ....................................... രക്ഷിതാവിന്റെ ഒപ്പ് : .......................................**

# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2023-24
### ഉദ്ഗ്രഥനം - ഒന്നാം ദിവസം

ക്ലാസ് : 2

പേര്: .................................... സ്കൂൾ:....................................

നിലവാരസൂചിക

**പ്രവർത്തനം-1 കുഞ്ഞുറുമ്പിന്റെ യാത്ര**

തെളിഞ്ഞ ആകാശം.
കാട്ടിലെ കാഴ്ചകൾ കാണണം.
കുഞ്ഞുറുമ്പിന് മോഹം.
പച്ചിലക്കൂട്ടിൽ നിന്നും അവൾ പുറത്തിറങ്ങി.
ഇളം കാറ്റ് വീശി. ഇലത്തുമ്പുകൾ ഇളകിയാടി.
കാട്ടുപൂക്കളുടെ സുഗന്ധം.
ഹായ്! പുൽക്കൊടിയിൽ തിളങ്ങുന്ന മഞ്ഞുതുള്ളി.
ഒന്നു തൊട്ടാലോ?
കുഞ്ഞുറുമ്പ് പതിയെ മുന്നോട്ടു നീങ്ങി. തൊട്ടു തൊട്ടില്ല.
അവൾ കാലുതെറ്റി പുഴയിൽ വീണു. കുഞ്ഞുറുമ്പിനു പേടിയായി.
അതാ ഒരു ഇല ഒഴുകി വരുന്നു.
കുഞ്ഞുറുമ്പ് ഞൊടിയിടയിൽ അതിൽ കയറി.
ഇല കുഞ്ഞുറുമ്പിനെയും കൊണ്ട് മുന്നോട്ടു നീങ്ങി.
അവൾ നാലുപാടും നോക്കി.
മാനം മുട്ടെ ഉയർന്നു നിൽക്കുന്ന മലനിരകൾ.
പുഴയിൽ നീന്തിക്കളിക്കുന്ന മീനുകൾ.
ഇലയിലിരുന്ന് കുഞ്ഞുറുമ്പ് ചുറ്റുമുള്ള കാഴ്ചകൾ ആസ്വദിച്ചു.

**ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1 കുഞ്ഞുറുമ്പിന്റെ മോഹം എന്തായിരുന്നു?

2 ഇലത്തുമ്പുകൾ ഇളകിയാടിയതെപ്പോൾ?

3 പുൽക്കൊടിയിൽ തിളങ്ങുന്നതെന്താണ്?

4 പുഴയിൽ വീണ കുഞ്ഞുറുമ്പ് രക്ഷപ്പെട്ടതെങ്ങനെ?

5 മാനംമുട്ടെ ഉയർന്നു നിൽക്കുന്നതെന്താണ്?



നിലവാരസൂചിക

**പ്രവർത്തനം-2 കുഞ്ഞുറുമ്പ് കണ്ട കാഴ്ചകൾ**

കുഞ്ഞുറുമ്പ് പുഴയിലൂടെ യാത്ര തുടർന്നു.

കുഞ്ഞുറുമ്പ് കണ്ട കാഴ്ചകൾ ചേർത്ത് വിവരണം തയ്യാറാക്കൂ.

(ചുരുങ്ങിയത് അഞ്ച് വാക്യങ്ങൾ)



നിലവാരസൂചിക ☐

## പ്രവർത്തനം - 3 വിത്തുകളെത്ര?

പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനായി ഓരോ ക്ലാസിലേക്കും നൽകിയ പയർ വിത്തുകളുടെ എണ്ണം നോക്കൂ

| ക്ലാസ് | 100 ന്റെ പാക്കറ്റ് | 10 ന്റെ പാക്കറ്റ് | ഒന്നുകൾ എണ്ണം | ആകെ |
|---|---|---|---|---|
| 1 |  |  |  | .................. |
| 2 |  | |  | .................. |
| 3 |  |  |  | .................. |
| 4 |  |  |  | .................. |

കിട്ടിയ വിത്തുകളുടെ എണ്ണത്തെ ആരോഹണ ക്രമത്തിലെഴുതൂ.

☐ ☐ ☐ ☐

## പ്രവർത്തനം- 4 ചെടികൾ പലവിധം

നിലവാരസൂചിക ☐



കിഴങ്ങു നട്ടാൽ മുളച്ചീടും
ഇലയിൽ വെള്ളം നിൽക്കില്ല
ഗുണവും രുചിയുമെനിക്കുണ്ടേ
ഞാനാരെന്ന് ചൊല്ലാമോ?

☐

☐

ഇലയിലയിലയില നീളനില
ഊണു വിളമ്പാം അടയുണ്ടാക്കാം
മഴയിൽ ചൂടി നടന്നിടാം
ഇലയിൽ കേമൻ ഞാനാര്?



വിത്തുമുളച്ചുണ്ടാകുന്ന മൂന്ന് ചെടികളുടെ പേരെഴുതൂ.

☐

പ്രവർത്തനം - 5 കലണ്ടർ നോക്കി പറയാം

നിലവാരസൂചിക

- 2024 ജനുവരി മാസത്തെ കലണ്ടറിൽ വിട്ടുപോയ തീയതികൾ പൂർത്തിയാക്കൂ.

## കലണ്ടർ 2024
### ജനുവരി

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | | | 25 | 26 | 27 |
| 28 | 29 | | | | | |

- ജനുവരി മാസത്തിൽ ആകെ എത്ര ദിവസങ്ങളുണ്ട്?
- 2024 ജനുവരി 1 തിങ്കളാഴ്ചയാണ്. എങ്കിൽ 2023 ഡിസംബർ 28 ഏത് ദിവസമായിരിക്കും?
- 2024 ജനുവരി മാസത്തിൽ എത്ര ശനിയാഴ്ചകളുണ്ട്? ശനിയാഴ്ച വരുന്ന തീയതികൾ എഴുതു.
- കലണ്ടറിൽ നിന്നും ഒരു സംഖ്യാ പാറ്റേൺ കണ്ടെത്തി എഴുതൂ.